ജി(3)1855/2020

സഹകരണ സംഘംരജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി, 22.05.2020

**സർക്കുലർ നം 45 /2020**

വിഷയം- സഹകരണ വകുപ്പ്- കോവിഡ്-19-വ്യാപനം- സാമ്പത്തിക പാക്കേജ്- സാമൂഹ്യസുരക്ഷ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും സാമ്പത്തിക സഹായം-സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് വീടുകളിൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി-ഭേദഗതി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം- സഹകരണ സംഘം രജിസ്ട്രാറുടെ 12.05.2020 ലെ 38/2020 നമ്പർ സർക്കുലർ നിർദ്ദേശം

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യസുരക്ഷ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL (PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി 1000/-രൂപ വീതം നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും പരാമർശം പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുവാൻ താമസം നേരിട്ട സാഹചര്യത്തിൽ പരാമർശം സർക്കുലറിൽ ചുവടെ പറയുന്ന ഭേദഗതി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **ഖണ്ഡിക (5)**

ടി പദ്ധതി പ്രകാരം 26.05.2020 മുതൽ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സഹായ ധനം വിതരണം നടത്തേണ്ടതും, 06.06.2020 ന് മുൻപായി വിതരണം പൂർത്തീകരിച്ച് ബാക്കിതുക അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ സെപ്ഷ്യൽ റ്റി.എസ്.ബി. യിൽ ഒടുക്കേണ്ടതുമാണ്

2. **ഖണ്ഡിക (8)**

ധനസഹായ വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം പണം സ്വീകരിക്കുന്ന ഗൃഹനാഥൻ/ഗൃഹനാഥ യിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതും കുടുംബത്തിലുള്ള റേഷൻകാർഡിൽ പേരുള്ള പ്രായപൂർത്തിയായ അംഗങ്ങളുടെ പേരും ആധാർ നമ്പരും (ലഭ്യമായത്) സത്യവാങ്മൂലത്തിൽ തന്നെ രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്. ഇപ്രകാരം രേഖപ്പെടുത്തൽ വരുത്തിയ സാത്യവാങ്മൂലങ്ങൾ അതാത് ദിവസം സംഘം ശേഖരിച്ച് വിതരണം നടത്തുന്നതിനായി സംഘത്തിന് നൽകിയിട്ടുള്ള പട്ടികയിൽ പൂർണ്ണമായി

എല്ലാപേരുടേയും(ഗൃഹനാഥ/ഗൃഹനാഥന്റെയും മറ്റ് പ്രായപൂർത്തിയായ അംഗങ്ങളുടേയും പേരും ആധാർ നമ്പറും (ലഭ്യമായത്) ഉൾപ്പെടെ എക്സൽ ഫോർമാറ്റിൽ പുതിയ കോളങ്ങളായി രേഖപ്പെടുത്തി തയ്യാറാക്കേണ്ടതും പട്ടികയുടെ സോഫ്റ്റ് കോപ്പിയും ഹാർഡ് കോപ്പിയും സാത്യവാങ്മൂലങ്ങളോടോപ്പം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരിശോധിച്ച് ഒപ്പുവച്ച് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ മുഖാന്തിരം 15.06.2020 ന് മുമ്പായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

3. ടി ഭേദഗതികളോടെ പരാമർശം സർക്കുലറിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതായിരിക്കും.

ഒപ്പ്

എ.അലക്സാണ്ടർ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
4. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. മറ്റ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
8. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
9. എഡിറ്റർ/സഹകരണ വീഥി,
10. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)